

ലേഖനം

സ്റ്റാഫ് ലേഖകൻ

# ചോരചിന്തിയ ദ്വീപ്

**സിംഹള** സേന തീമഴപെയ്ത ദുരിതത്തുരുത്തിൽ ചിന്നിച്ചിതറിയ ആയിരക്കണക്കിന് പച്ച മനുഷ്യർ, ശരീരമാസകലം മാരകമായി മുറിവേറ്റ് വേദനകൊണ്ട് പുളയുന്ന പതിനായിരങ്ങൾ, ജീവിതത്തിനും മരണത്തിനുമിടയിൽ തൂങ്ങിയാടുന്ന ലക്ഷക്കണക്കിന് അഭയാർഥികൾ, സ്ത്രീകളും കുട്ടികളും വൃദ്ധരും ഗർഭിണികളും മാറാരോഗികളും.... പുലികളുടെ തീവ്രവാദവും അക്രമങ്ങളും ഉയർത്തിക്കാണിച്ച് 'ഭീകരതക്കെതിരായ യുദ്ധ'മെന്നു പറഞ്ഞ് ശ്രീലങ്കൻ സേന നടത്തിയ രൂക്ഷമായ ആക്രമണങ്ങളുടെ ബാക്കിപത്രമാണിത്. പിടിച്ചുനിൽക്കാനായി എൽ.ടി.ടി.ഇ മനുഷ്യമറ സൃഷ്ടിച്ചിരിക്കുന്നുവെന്ന പ്രചാരണം, നിരപരാധികളായ പതിനായിരക്കണക്കിന് സിവിലിയന്മാരെ കൊന്നൊടുക്കാനുള്ള ന്യായീകരണമാവുകയും ചെയ്തു.

വംശവിവേചനത്തിനിരകളായ തമിഴരുടെ വിമോചന പ്രസ്ഥാനമായി രംഗത്തുവന്ന എൽ.ടി.ടി.ഇ അധികം വൈകാതെ തമിഴർക്കുതന്നെ ദുരിതം വിതക്കുന്ന ഭീകര സംഘമായി മാറി. വേട്ടയാടപ്പെടുന്ന ന്യൂനപക്ഷങ്ങൾക്കുവേണ്ടി രംഗത്തിറങ്ങുന്ന സായുധ പ്രതിരോധ സംഘങ്ങൾ ഏറെ ദൂരം സഞ്ചരിക്കും മുമ്പേ മൂല്യങ്ങൾ കൈവെടിഞ്ഞ് ഭീകരപ്രവർത്തനത്തിലേക്കു വഴിമാറുമെന്നതിന്റെ ഒന്നാംതരം തെളിവാണ് തമിഴ് പുലികൾ.

മാസങ്ങളായി തുടർന്നുവന്ന വ്യോമ-കര-നാവിക സേനകളുടെ ശക്തമായ പുലിവേട്ട ശ്രീലങ്കയെ അക്ഷരാർഥത്തിൽ ചോരക്കളമാക്കി. നാപാം ബോംബുകളും ക്ലസ്റ്റർ ബോംബുകളും ഷെല്ലുകളും വെടിയുണ്ടകളും നിർത്താതെ വർഷിച്ച വിമാനങ്ങൾക്കും ടാങ്കുകൾക്കും തോക്കുകൾക്കും 'തമിഴർ' എന്ന ഒരൊറ്റ ലക്ഷ്യമേ ഉണ്ടായിരുന്നുള്ളൂ. വീടുകൾ, പഴന്തുണിക്കൊണ്ടും പ്ലാസ്റ്റിക് ഷീറ്റുകൾകൊണ്ടും മറച്ച ടെന്റുകൾ, വിദ്യാലയങ്ങൾ, ആശുപത്രികൾ.... ഒന്നും ബോംബിംഗിൽനിന്ന് ഒഴിച്ചുനിർത്തപ്പെട്ടില്ല. പതിനഞ്ച് മണിക്കൂറിനുള്ളിൽ ആറായിരത്തോളം ഷെല്ലാക്രമണങ്ങൾ നടന്നപ്പോൾ മുലകുടിക്കുന്ന ചോരപ്പൈതലുകൾ ഉൾപ്പെടെ നൂറുകണക്കിന് കുട്ടികൾ ക്രൂരമായി കൊലചെയ്യപ്പെട്ടു. പരിക്കേറ്റവർക്ക് അത്യാവശ്യ ചികിത്സ നൽകാൻ മരുന്നുകളില്ല. അനസ്തേഷ്യ കൊടുക്കാനില്ലാത്തതിനാൽ മയക്കാതെ പച്ച മാംസങ്ങളിൽ നടത്തുന്ന ഓപ്പറേഷനുകൾ, ആശുപത്രികളിലേക്കെത്തിക്കാനാവാതെ പിടഞ്ഞു മരിക്കുന്നവർ, മറവു ചെയ്യാനാവാതെ കൂട്ടിയിട്ട മൃതദേഹങ്ങൾ, എങ്ങോട്ടെന്നില്ലാതെ ഓടിപ്പോ

കുന്ന അഭയാർഥികൾ... അഭയാർഥികൾക്കു വേണ്ടി ക്യാമ്പുകൾ തുറന്നിട്ടുണ്ടെന്ന് ശ്രീലങ്കൻ സർക്കാർ വാദിക്കുന്നു. പക്ഷേ ഹിറ്റ്ലറുടെ കോൺസൺട്രേഷൻ ക്യാമ്പുകൾ പോലെയാണവയെന്ന് മനുഷ്യാവകാശ പ്രവർത്തകർ പറയുന്നു. വംശഹത്യയുടെ എളുപ്പവഴികൾ!

ദാരിദ്ര്യവും പട്ടിണിയും മാറാരോഗങ്ങളുമാണ് സുഭിക്ഷമായിട്ടുള്ളത്. ഒരുമണി അരി പോലും കിട്ടാനില്ലാത്തവർ, മീൻപിടിത്തം വിലക്കപ്പെട്ടവർ, വിശപ്പ് സഹിക്കാനാവാതെ മീൻ പിടിക്കാനിറങ്ങിയാൽ തമിഴരെ മീൻ പിടിത്തത്തിൽനിന്ന് തടയാൻ വേണ്ടി കടലിൽ ജാഗ്രതയോടെ റോന്തു ചുറ്റുന്ന സിംഹള കപ്പലുകളിൽനിന്ന് ചീറിവരുന്ന വെടിയുണ്ടകൾ, പാചക എണ്ണ സ്വപ്നം മാത്രമായതിനാൽ കിട്ടുന്ന മീൻ ചുട്ടുതിന്നേണ്ടിവരുന്നവർ... തമിഴനായി ജനിച്ചുപോയതാണ് അവർ ചെയ്ത കുറ്റം!

## ശ്രീലങ്കയുടെ അകം

ഇന്ത്യൻ മഹാസമുദ്രത്തിലെ കൊച്ചു ദ്വീപാണ് ശ്രീലങ്ക. 65,610 ചതുരശ്ര കിലോമീറ്റർ വിസ്തീർണമുള്ള ശ്രീലങ്ക, ഇന്ത്യയുടെ തെക്കുകിഴക്കൻ ഭാഗത്താണ് സ്ഥിതിചെയ്യുന്നത്. ചെറിയ മലകളും താഴ്വരകളും നദീതീരങ്ങളുമുള്ള ശ്രീലങ്ക ഫലഭൂയിഷ്ഠമായ സമതലങ്ങളാൽ സമ്പന്നമാണ്. കൃഷിയാണ് പ്രധാനം. തേയില, റബർ, നാളികേരം തുടങ്ങിയവ നന്നായി വിളയുന്നു. ഇവ തന്നെയാണ് പ്രധാന കയറ്റുമതിയും. വൈഡൂര്യം, ഇന്ദ്രനീലം, ഗോമേദകം തുടങ്ങിയ രത്നങ്ങൾക്ക് പ്രസിദ്ധമായ ശ്രീലങ്കക്ക് 'മരതക ദ്വീപ്' എന്നൊരു വിളിപ്പേരുണ്ട്. മുന്തിയ ഗ്രാഫൈറ്റുകൾ ലോകത്തിന് നിർമിച്ചുകൊടുക്കുന്നതിലും ദ്വീപ് മുന്നിലാണ്.

> മാസങ്ങളായി തുടർന്നുവന്ന വ്യോമ-കര-നാവിക സേനകളുടെ ശക്തമായ പുലിവേട്ട ശ്രീലങ്കയെ അക്ഷരാർഥത്തിൽ ചോരക്കളമാക്കി. നാപാം ബോംബുകളും ക്ലസ്റ്റർ ബോംബുകളും ഷെല്ലുകളും വെടിയുണ്ടകളും നിർത്താതെ വർഷിച്ച വിമാനങ്ങൾക്കും ടാങ്കുകൾക്കും തോക്കുകൾക്കും 'തമിഴർ' എന്ന ഒരൊറ്റ ലക്ഷ്യമേ ഉണ്ടായിരുന്നുള്ളൂ.

സിലോൺ എന്നാണ് ശ്രീലങ്കയുടെ യഥാർഥ നാമം. 1972ലാണ് ശ്രീലങ്കയെന്ന് പേരുമാറ്റിയത്. സിലോണിൽ, മറ്റു പല രാജ്യങ്ങളിലെയും പോലെ ആദിമനിവാസികളുണ്ടായിരുന്നു. ഇന്ത്യയിൽനിന്ന് കുടിയേറിയ ഇന്തോആര്യന്മാരും ആദിമനിവാസികളും കൂടിച്ചേർന്നാണ് സിംഹളർ ഉണ്ടായതത്രെ. ആര്യാധിനിവേശത്തിൽ ആദിമനിവാസികൾ ഉന്മൂലനം ചെയ്യപ്പെടുകയും ആര്യന്മാർ സിംഹളരാവുകയും ചെയ്തതാണോ എന്നത് ഒരു ഗവേഷണ വിഷയമാണ്. ദക്ഷിണേന്ത്യയിൽനിന്നും കുടിയേറിയ ദ്രാവിഡരാണ് തമിഴർ. ആര്യാധിനിവേശത്തോടെ ഉത്തരേന്ത്യയിൽനിന്നും ദക്ഷിണേന്ത്യയിലേക്ക് ആട്ടിയോടിക്കപ്പെട്ട ഇന്ത്യയിലെ ദ്രാവിഡരിലൊരു വിഭാഗം ഒരു ഘട്ടത്തിൽ ശ്രീലങ്കയിൽ കുടിയേറിയതാകാം.



ബി.സി മൂന്നാം നൂറ്റാണ്ടിൽതന്നെ ബുദ്ധമതം ശ്രീലങ്കയിൽ പ്രചരിച്ചു. പത്താം നൂറ്റാണ്ടിൽ തെക്കേ ഇന്ത്യയിൽനിന്ന് ഒരു സംഘം സിലോൺ ആക്രമിക്കുകയോ കുടിയേറുകയോ ചെയ്തു. ഇതോടെ സിംഹള ആധിപത്യം സിലോണിന്റെ തെക്കു പടിഞ്ഞാറെ ഭാഗത്തും തമിഴ് ദ്രാവിഡാധിപത്യം സിലോണിന്റെ വടക്കു കിഴക്കൻ മേഖലയിലും കേന്ദ്രീകരിക്കപ്പെട്ടു. തമിഴ്-സിംഹള വംശീയ സംഘർഷങ്ങൾക്ക് നൂറ്റാണ്ടുകളുടെ പഴക്കമുണ്ടെന്ന് ഇത് സൂചിപ്പിക്കുന്നു. ഈ ചരിത്രം ശരിയാണെങ്കിൽ തമിഴ്-സിംഹള വംശീയവൈരം ആര്യ-ദ്രാവിഡ സംഘട്ടനത്തിന്റെ തുടർച്ചയാണെന്നു പറയാം. ശ്രീലങ്കയിലെ ജനസംഖ്യയിൽ ഭൂരിപക്ഷവും ബുദ്ധമത വിശ്വാസികളാണ്. ഹിന്ദുമതം, ഇസ്ലാം, ക്രിസ്തുമതം എന്നിവ യഥാക്രമം അടുത്ത സ്ഥാനങ്ങളിൽ നിൽക്കുന്നു. സിംഹളർ പൊതുവെ ബുദ്ധമതക്കാരും തമിഴരിൽ ഭൂരിപക്ഷവും ഹിന്ദുമതക്കാരുമാണ്.

## വംശവെറിയുടെ ഭരണകൂട രീതികൾ

സ്വാതന്ത്ര്യ പൂർവ ശ്രീലങ്കയിൽ തമിഴ്-സിംഹള വംശീയ സംഘർഷങ്ങൾ ഉണ്ടായിരുന്നുവെങ്കിലും, സ്വാതന്ത്ര്യാനന്തരം അധികാരത്തിൽ വന്ന ഭരണകൂടങ്ങളുടെ വംശീയതയിലധിഷ്ഠിതമായ നയങ്ങളും പദ്ധതികളുമാണ് വംശീയ സംഘട്ടനങ്ങൾ രൂക്ഷമാക്കിയത്.

സ്വാതന്ത്ര്യം നേടുമ്പോൾ ശ്രീലങ്കയിൽ തമിഴർക്ക് മാന്യമായ സ്ഥാനവും പദവിയും ഏറക്കുറെ ഉണ്ടായിരുന്നു. സ്വതന്ത്ര ശ്രീലങ്കയിലെ ആദ്യത്തെ പട്ടാള മേധാവി തമിഴ് വംശജനായിരുന്നു. ഉന്നത ഉദ്യോഗസ്ഥരിൽ നല്ലൊരു ശതമാനം തമിഴരുണ്ടായിരുന്നു. തമിഴിന് ഔദ്യോഗിക ഭാഷാ പദവിയും ലഭിച്ചിരുന്നു. തമിഴ് മാത്രമറിയുന്നവർക്ക് സർക്കാർ ജോലി ലഭിച്ചിരുന്നു. എന്നാൽ ഈ അവസ്ഥ അധികനാൾ നീണ്ടുനിന്നില്ല.

സിംഹള ഭാഷ രാഷ്ട്രത്തിന്റെ ഔദ്യോഗികഭാഷയായി നിശ്ചയിക്കപ്പെട്ടു. തമിഴിന്റെ ഔദ്യോഗിക ഭാഷാപദവി റദ്ദാക്കി. തമിഴർ സിംഹള ഭാഷ പഠിക്കൽ നിർബന്ധമായി. സിംഹള ഭാഷയറിയാത്ത തമിഴർക്ക് സർക്കാർ ജോലി നഷ്ടപ്പെട്ടു. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സിംഹള ഭാഷ നിർബന്ധമാക്കിയതോടെ തമിഴർ സിംഹളർക്ക് വഴങ്ങുകയാണെന്ന തോന്നലുണ്ടായി. സർക്കാർ സർവീസിൽനിന്ന് തമിഴർ ഒഴിച്ചുനിർത്തപ്പെടാൻ തുടങ്ങി. പട്ടാളത്തിലും പോലീസിലും അവർക്ക് ഇടം കിട്ടാതായി. ഇന്ന് സേനയിൽ ഒരു തമിഴനുമില്ല. പോലീസിൽ ഒരു ശതമാനമാണ് തമിഴരുടെ പ്രാതിനിധ്യം.

തമിഴ് വംശജർ

ശ്രീലങ്കയിൽ രണ്ടാംതരം പൗരന്മാരായി തരംതാഴ്ത്തപ്പെടുകയും വംശീയ അടിച്ചമർത്തലുകൾക്ക് വിധേയരാവുകയും ചെയ്തു കൊണ്ടിരുന്നു. 1948–'49ലെ പൗരത്വപ്രശ്നം ഇതിന്റെ ഉദാഹരണമാണ്. പൗരത്വം തെളിയിക്കാൻ കടുത്ത നിബന്ധനകളാണ് ശ്രീലങ്കൻ സർക്കാർ തമിഴർക്ക് മുന്നിൽ വെച്ചത്. പൗരത്വനിയമം മൂലം ഒരു ലക്ഷം തമിഴ് 'കുടിയേറ്റക്കാർ' രാഷ്ട്രമില്ലാത്തവരായി! ഇന്ത്യയിലെ മതന്യൂനപക്ഷങ്ങൾക്കെതിരെയുള്ള സംഘ്പരിവാർ പ്രചാരണത്തിന്റെ ശ്രീലങ്കൻ പതിപ്പായിരുന്നു ഇത്. 1956ലെ സിംഹള ഭാഷാ നിയമം, 'ഔദ്യോഗിക ഭാഷ' എന്ന സാങ്കേതികതക്കപ്പുറം വംശവെറിയുടെ പ്രതിഫലനമായിരുന്നു. 1960കളിൽ സ്കൂൾ പാഠപുസ്തകങ്ങളിൽ 'നമ്മൾ', 'അവർ' തുടങ്ങിയ പ്രയോഗങ്ങളും സംബോധനകളും കടന്നുവന്നു. 'അവർ' അഥവാ തമിഴർ ഇവിടേക്ക് കടന്നുവന്ന 'വിദേശി'യരാണെന്നും, 'നമ്മൾ' അഥവാ സിംഹളർ ഇവിടത്തെ യഥാർഥ ജനതയായ 'സ്വദേശി'കളാണെന്നുമുള്ള പ്രചാരണം ശക്തമായി. തമിഴ്–സിംഹള ധ്രുവീകരണമായിരുന്നു ഫലം. തദ്ദേശീയരുടെ മനസ്സിൽ രാജ്യം രണ്ടായി വിഭജിക്കപ്പെട്ടു; സിംഹള രാജ്യമായ ശ്രീലങ്കയും വടക്കൻ മേഖലയിലെ തമിഴ് ഈഴവും. വടക്കൻ പ്രദേശങ്ങളിൽ തമിഴ് വംശജരായിരുന്നു കൂടുതലുണ്ടായിരുന്നത്. അവിടത്തെ ജനസംഖ്യ സന്തുലിതമാക്കാൻ ഗവൺമെന്റ് അവിടേക്ക് സിംഹളവംശജരെ കുടിയേറ്റത്തിന് പ്രേരിപ്പിച്ചു. കുടിയേറുന്നവർക്ക് ഗവൺമെന്റ് ആനുകൂല്യങ്ങൾ നൽകി. 'ആഭ്യന്തര അധിനിവേശം' എന്നാണ് തമിഴർ ഇതിനെ വിശേഷിപ്പിച്ചത്. തമിഴർ ഒരു മേഖലയിൽ കേന്ദ്രീകരിച്ച് അതൊരു തമിഴ് ഈഴമായി രൂപപ്പെടാതിരിക്കാനായിരുന്നു തമിഴരുടെ അധിവാസ കേന്ദ്രങ്ങളിൽ സിംഹളരെ കുടിയിരുത്താൻ സിംഹള ഗവൺമെന്റ് ശ്രമിച്ചത്. അത് വേണ്ട അളവിൽ വിജയം കാണാതിരുന്നതാണ് പിന്നീട് എൽ.ടി.ടി.ഇക്ക് വടക്കൻ മേഖല പിടിക്കാൻ സഹായകമായത്.

വിദ്യാഭ്യാസരംഗത്ത് പ്രഫഷണൽ വിദ്യാഭ്യാസം നേടാൻ ആഗ്രഹിക്കുന്ന തമിഴ് വംശജരായ വിദ്യാർഥികൾ സിംഹളരെക്കാൾ പത്തു ശതമാനം മാർക്ക് അധികം നേടിയിരിക്കണമെന്ന തികച്ചും വംശവിവേചനപരമായ നിയമം ശ്രീലങ്കൻ സർക്കാർ പാസ്സാക്കി. മെഡിക്കൽ–എഞ്ചിനീയറിംഗ് തുടങ്ങിയ മേഖലകളിൽനിന്ന് തമിഴരെ കുടിയൊഴിപ്പിക്കാനുള്ള ശ്രമത്തിന്റെ ഭാഗമായിരുന്നു ഇത്. ബ്രിട്ടീഷ് കൊളോണിയൽ ഭരണകാലത്ത് തമിഴർക്കു കിട്ടിയ വിദ്യാഭ്യാസ–തൊഴിൽ –സാമൂഹിക വളർച്ച തടയാനും അവരെ സർവരംഗങ്ങളിൽനിന്നും ഉന്മൂലനം ചെയ്യാനുമുള്ള പദ്ധതികൾ മാറിമാറി വന്ന ശ്രീലങ്കൻ സിംഹള ഗവൺമെന്റുകൾ മത്സരബുദ്ധിയോടെ നടപ്പിലാക്കിക്കൊണ്ടിരുന്നു. ജയവർധനെ, പ്രേമദാസ, ചന്ദ്രിക കുമാരതുംഗെ സർക്കാറുകൾ ഏറിയും കുറഞ്ഞും പ്രയോഗവത്കരിച്ചു വന്ന വംശവിവേചനപദ്ധതികൾ, മഹീന്ദ രാജപക്സെയുടെ അധികാര പ്രവേശത്തോടെ വംശീയ ഉന്മൂലനം ലക്ഷ്യമിടുന്ന ശക്തമായ സൈനിക ആക്രമണങ്ങളുടെ രൂപം പ്രാപിച്ചു.

## പുലിപ്പടയുടെ ക്രൂരമുഖം

വംശവിവേചനം ചെറിയ സംഘട്ടനങ്ങൾക്ക് കാരണമായിരുന്നുവെങ്കിലും 1970കൾ വരെ തമിഴർ സംഘടിതമായ സായുധ പോരാട്ടത്തിനിറങ്ങിയിരുന്നില്ല. ജനാധിപത്യപരമായ മാർഗങ്ങളിലൂടെ പ്രശ്നത്തിന് രാഷ്ട്രീയ പരിഹാരം നേടാൻ അവരിൽ ചിലർ ശ്രമിക്കുകയും ചെയ്തിരുന്നു. അത് പരാജയപ്പെടുകയും ഭരണകൂട വിവേചനം അസഹ്യമായിത്തുടങ്ങുകയും ചെയ്ത ഘട്ടത്തിലാണ് സായുധസംഘടനയായ എൽ.ടി.ടി.ഇ ഉടലെടുക്കുന്നത്. 1972ൽ എൽ.ടി.ടി.ഇയുടെ ആദ്യ രൂപമായ തമിഴ് ന്യൂ ടൈഗേഴ്സ് സ്ഥാപിതമായി. സിംഹളർക്കെതിരായ തമിഴ് വിമോചന പോരാട്ടമായിരുന്നു അവരുടെ ലക്ഷ്യം. 'സ്വതന്ത്ര തമിഴ് ഈഴ'ത്തിന് അന്ന് കൃത്യമായ ഒരു ലക്ഷ്യം ഉണ്ടായിരുന്നില്ല. 1974ൽ ജാഫ്നയിൽ സംഘടിപ്പിക്കപ്പെട്ട ലോക തമിഴ് റിസർച്ച് കോൺഫറൻസിനു നേരെ യാതൊരു പ്രകോപനവുമില്ലാതെ നടന്ന സിംഹള പോലീസിന്റെ വെടിവെപ്പിൽ 9 പേർ കൊല്ലപ്പെട്ടു. ന്യൂ ടൈഗേഴ്സ് തിരിച്ചടിച്ചു. 1975 ജൂലൈയിൽ ജാഫ്ന മേയർ ആൽഫ്രഡ് ദുരിയപ്പ വധിക്കപ്പെട്ടു. 1976 മെയ് അഞ്ചിന് ജാഫ്നയിൽ ഒരു രഹസ്യ താവളത്തിൽ ഒത്തുചേർന്ന പുലികൾ ലിബറേഷൻ ടൈഗേഴ്സ് ഓഫ് തമിഴ് ഈഴം (എൽ.ടി.ടി.ഇ) രൂപീകരിച്ചു. ലോകത്തെ ഏറ്റവും കരുത്തുറ്റതും ദീർഘകാലം നിലനിന്നതുമായ ഗറില്ലാ സംഘത്തിന്റെ പിറവിയായിരുന്നു അത്.

ഇതേ ഘട്ടത്തിൽ തന്നെയാണ് തമിഴ് യുനൈറ്റഡ് ലിബറേഷൻ ഫ്രണ്ട് (ടി.യു.എൽ.എഫ്- ടുൾഫ്) രൂപംകൊണ്ടത്. അവർ 1976 മെയ് 14ന് തമിഴ് ഈഴത്തിനു വേണ്ടി പ്രമേയം പാസ്സാക്കി. തമിഴ് പ്രശ്നത്തിന് ജനാധിപത്യപരമായ പരിഹാരമാണ് ടുൾഫ് ആഗ്രഹിച്ചത്. തെരഞ്ഞെടുപ്പിൽ പങ്കാളികളാകാനും പാർലമെന്റിൽ അംഗത്വം നേടി അധികാരത്തിലൂടെ പ്രശ്നം പരിഹരിക്കാനും അവർ ശ്രമിച്ചു. 1977ലെ പാർലമെന്റ് തെരഞ്ഞെടുപ്പിൽ തമിഴ് മേഖലകൾ തൂത്തുവാരിയ ടുൾഫ് 18 സീറ്റുകളിൽ വിജയിച്ചു. പാർട്ടി ജനറൽ സെക്രട്ടറി അപ്പാപ്പിള്ളൈ അമൃതലിംഗം പാർലമെന്റിൽ പ്രതിപക്ഷ നേതാവായി. എന്നാൽ ടുൾഫിന് അധികകാലം മുന്നോട്ടു പോകാനായില്ല; അവർ ക്ഷയിച്ചു.

അതേസമയം എൽ.ടി.ടി.ഇ കരുത്തു നേടി തമിഴന്റെ അഭിമാനത്തിന്റെ അടയാളവും വിമോചന പോരാട്ടത്തിന്റെ പ്രതീകവുമായി മാറി. വി. പ്രഭാകരൻ, ഉമാ മഹേശ്വരൻ, പൊട്ടു അമ്മൻ, സുസൈ, ചാൾസ് ആന്റണി, ബാലശിങ്കം നടേശൻ, പുലിദേവൻ, രമേശ്, ഇളങ്കോ, സുന്ദരം, കപിൽ അമ്മൻ... ഒട്ടേറെ നേതാക്കൾ പുലികൾക്കുണ്ടായി. യുവാക്കളും സ്ത്രീകളും കുട്ടികളും പുലിപ്പടയിൽ അംഗങ്ങളായി. തനുവിനെപോലെ ചാവേറുകളാകാനും, തമിഴർക്കുവേണ്ടി ചിതറിത്തെറിക്കാനും തയാറായ ആയിരക്കണക്കിന് യുവതീയുവാക്കളായിരുന്നു എൽ.ടി.ടി.ഇയുടെ മുഖ്യശക്തി. മികച്ച ആയുധ പരിശീലനം അവർക്ക് നൽകപ്പെട്ടു. ലോകത്തെ ഏറ്റവും ശക്തമായ ഗറില്ലാ സൈന്യമായി അവർ മാറി. അമേരിക്ക, ബ്രിട്ടൻ, ഇന്ത്യ തുടങ്ങിയ രാഷ്ട്രങ്ങളിൽനിന്ന് പിന്തുണയും സഹായവും ഒഴുകിയെത്തി. ആയുധങ്ങൾ യഥേഷ്ടം ലഭിച്ചു. സ്വന്തമായി വിമാനങ്ങളും വിമാനത്താവളങ്ങളുമുള്ള ഏക ഗറില്ലാ സംഘം! കടൽ പുലികൾ, കരിം പുലികൾ, പുലിപ്പോലീസ്, രാഷ്ട്രീയ പുലികൾ..... തമിഴന്റെ പോരാട്ട വീര്യം പുലിയുടെ ശൗര്യത്തോടെ ആഞ്ഞടിച്ചു. വിവര സാങ്കേതികവിദ്യ, ആയുധ നിർമാണം, പരിശീലനം, സാമ്പത്തിക കാര്യം തുടങ്ങിയവയിലെല്ലാം കഴിവുറ്റ നേതാക്കളും പദ്ധതികളുമുണ്ടായി. ജാഫ്ന കേന്ദ്രീകരിച്ച് ഒരു രാഷ്ട്രത്തിനകത്ത് മറ്റൊരു രാഷ്ട്രം സൃഷ്ടിച്ചു. നാൽപതോളം രാജ്യങ്ങളിൽ താമസിക്കുന്ന തമിഴ് വംശജരിൽനിന്നായി കോടിക്കണക്കിന് ഡോളർ സംഭാവനയായും നിർബന്ധ നികുതിയായും പുലിമടയിൽ എത്തി. ലോകത്തെവിടെയും താമസിക്കുന്ന തമിഴ് വംശജർ എൽ.ടി.ടി.ഇക്ക് സംഭാവന കൊടുക്കേണ്ടതുണ്ട്. സ്വയം കൊടുക്കുന്നില്ലെങ്കിൽ പിടിച്ചുവാങ്ങും. അമേരിക്കയും ഇന്ത്യയും ബ്രിട്ടനും നൽകിയ ആയുധങ്ങളും മറ്റു സഹായങ്ങളും തമിഴരുടെ പണവും ശരീരവും എൽ.ടി.ടി.ഇയെ

വളർത്തി.

ഇതിനൊരു മറുവശമുണ്ടായിരുന്നു; അതാണ് യഥാർഥ എൽ.ടി.ടി.ഇ. വംശവിവേചനത്തിനിരകളായ തമിഴരുടെ വിമോചന പ്രസ്ഥാനമായി രംഗത്തുവന്ന എൽ.ടി.ടി.ഇ അധികം വൈകാതെ തമിഴർക്കു തന്നെ ദുരിതം വിതക്കുന്ന ഭീകര സംഘമായി മാറി. വേട്ടയാടപ്പെടുന്ന ന്യൂനപക്ഷങ്ങൾക്കു വേണ്ടി രംഗത്തിറങ്ങുന്ന സായുധ പ്രതിരോധ സംഘങ്ങൾ ഏറെ ദൂരം സഞ്ചരിക്കും മുമ്പേ മൂല്യങ്ങൾ കൈവെടിഞ്ഞ് ഭീകരപ്രവർത്തനത്തിലേക്കു വഴിമാറുമെന്നതിന്റെ ഒന്നാംതരം തെളിവാണ് തമിഴ് പുലികൾ. സിംഹള വംശീയതയുടെ വക്താക്കളായ നിരവധി ശ്രീലങ്കൻ ഭരണാധികാരികളെയും സൈനികരെയും സാധാരണക്കാരെയും പുലികൾ കൊന്നു. ബെൽറ്റ് ബോംബ് ധരിച്ച ചാവേറുകളുടേതുൾപ്പെടെ അനേകം ബോംബ് സ്ഫോടനങ്ങൾ പുലികൾ നടത്തി. ഒരു വിഭാഗം തമിഴരുടെയും മുസ്‌ലിംകളുടെയും വെറുപ്പിനും എതിർപ്പിനും പുലികൾ വിധേയരായി.



സ്വാതന്ത്ര്യ പൂർവ ശ്രീലങ്കയിൽ തമിഴ്-സിംഹള വംശീയ സംഘർഷങ്ങൾ ഉണ്ടായിരുന്നുവെങ്കിലും, സ്വാതന്ത്ര്യാനന്തരം അധികാരത്തിൽ വന്ന ഭരണകൂടങ്ങളുടെ വംശീയതയിലധിഷ്ഠിതമായ നയങ്ങളും പദ്ധതികളുമാണ് വംശീയ സംഘട്ടനങ്ങൾ രൂക്ഷമാക്കിയത്.

ശ്രീലങ്കൻ തമിഴർക്കു വേണ്ടി സമാധാന ശ്രമങ്ങൾ നടത്തിയിരുന്ന രാജീവ് ഗാന്ധിയെ ഒന്നു രണ്ട് പ്രശ്നങ്ങളിൽ ഇടഞ്ഞതോടെ പുലികൾ കൊന്നു. എൽ.ടി.ടി.ഇയോട് വിയോജിപ്പുള്ള തമിഴരും സിംഹള-തമിഴ് വംശീയ പ്രശ്നത്തിൽ പ്രതികളല്ലാത്ത മുസ്‌ലിംകളും കൊലക്കത്തിക്കിരകളായി. ശത്രുക്കളെ നേരിടാനിറങ്ങുന്ന ഏതു സായുധ തീവ്രവാദ ഗ്രൂപ്പും രണ്ടാമത്തെ ഘട്ടത്തിൽ ആഭ്യന്തര ശത്രുക്കളെ കണ്ടെത്തുകയും ബാഹ്യ ശത്രുക്കളെ പോലെ അവരെ കൈകാര്യം ചെയ്യുകയും ചെയ്യും. തമിഴരോടും, സംഘടനക്കകത്ത് പ്രഭാകരന് വഴങ്ങാത്തവരോടുമുള്ള എൽ.ടി.ടി.ഇയുടെ സമീപനത്തിൽ ഇത് പ്രകടമായിരുന്നു. മുസ്‌ലിംകൾക്കെതിരെ പലപ്പോഴും എൽ.ടി.ടി.ഇ ആക്രമണങ്ങൾ അഴിച്ചുവിട്ടിട്ടുണ്ട്. പള്ളികളിലും നബിദിന റാലികളിലും പുലികൾ സ്ഫോടനങ്ങൾ നടത്തിയിട്ടുണ്ട്. സായുധ പ്രതിരോധത്തിലൂടെയല്ല, രാഷ്ട്രീയമായ പക്വതയോടെയാണ് മുസ്‌ലിംകൾ പ്രശ്നം കൈകാര്യം ചെയ്തത്.

മൂന്നു പതിറ്റാണ്ടിലേറെ നീണ്ട സംഘട്ടനങ്ങൾക്കൊടുവിൽ, തീവ്രവാദത്തിന്റെയും ദേശദ്രോഹത്തിന്റെയും പേരു പറഞ്ഞ് കടുത്ത സൈനികാക്രമണത്തിലൂടെ പ്രഭാകരൻ ഉൾപ്പെടെയുള്ള പുലി നേതാക്കളെയും ആയിരക്കണക്കിന് സിവിലിയൻമാരെയും കൊന്നൊടുക്കി വിജയമാഘോഷിക്കുകയാണ് ശ്രീലങ്കൻ സിംഹള സർക്കാർ. ശ്രീലങ്കൻ പ്രശ്നത്തിലെ ഒന്നാം പ്രതി വംശവെറി ബാധിച്ച ശ്രീലങ്കൻ ഭരണകൂടം തന്നെയാണ്.

സിംഹള വംശവിവേചനത്തിന്റെ സൃഷ്ടിയാണ് പ്രഭാകരനും പുലിപ്പടയും. വേട്ടയാടപ്പെടുന്നവരുടെ വേദനകളാണ് തീവ്രവാദമായി രൂപാന്തരപ്പെടുന്നത്. തീവ്രവാദവും സായുധ കലാപവും, വിവേചനത്തിന് ഇരകളാവുകയും വേട്ടയാടപ്പെടുകയും ചെയ്യുന്ന ന്യൂനപക്ഷങ്ങളുടെ പ്രശ്നങ്ങൾക്ക് പരിഹാരമാകില്ലെന്ന തിരിച്ചറിവും പുലിപ്പടയുടെ പതനം നൽകുന്നുണ്ട്. ■